**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3248** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഹഫ്സൽ റഹ്മാൻ എൻ.കെ.- യെ പിരിച്ചുവിട്ട നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ചെമ്മാൻകടവ് പി.എം.എസ്.എ.എം.എ. എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ- ഉറുദു) അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന ഹഫ്സൽ റഹ്മാൻ എൻ.കെ.- യെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാൻ കാരണമെന്തെന്നും പ്രസ്തുത കാരണം ഇപ്പോഴും നിലനിൽക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ടോയെന്നും സസ്പെൻഷൻ പിൻവലിച്ചിട്ടില്ലെങ്കിൽ കാരണമെന്താണെന്നും വിശദമാക്കുമോ; | (എ) | (എ) മലപ്പുറം ചെമ്മാൻകടവ് പി.എം.എസ്.എ.എം.എ.എച്ച്.എസ്.എസിലെ എച്ച്.എസ്.എസ്.ടി ജൂനിയർ (ഉർദു) ആയ ശ്രീ.ഹഫ്സൽ റഹ്മാൻ എന്ന അദ്ധ്യാപകനിൽ നിന്നും ശാരീരികവും മാനസികവുമായ അതിക്രമം കുട്ടികൾക്ക് അനുഭവിക്കേണ്ടി വന്ന എന്ന ആരോപണത്തെ തുടർന്നാണ് മാനേജർ അന്വേഷണ വിധേയമായി ടിയാനെ 24/11/2018 ൽ സസ്പെൻഡ് ചെയ്തത്. മാനേജർ ടിയാനെ പിരിച്ചുവിട്ടതിനാൽ സസ്പെൻഷൻ പിൻവലിക്കേണ്ട സാഹചര്യം നിലനിന്നിരുന്നില്ല. |
| (ബി) | സസ്പെൻഷന് ആധാരമായ കേസിൽ വിചാരണ കോടതി അദ്ധ്യാപകനെ കുറ്റവിമുക്തനാക്കിയ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിരുന്നോ; എങ്കിൽ നിലവിൽ ഒരു ക്രിമിനൽ കേസിലും പ്രതിയല്ലാത്ത ഈ അദ്ധ്യാപകനെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ ഉത്തരവ് നൽകാത്തതിന്റെ കാരണം അറിയിക്കുമോ; | (ബി) | (ബി)ലഭിച്ചിരുന്നു. അച്ചടക്കാധികാരി മാനേജരാണ്. മാനേജർ ടിയാനെ നീക്കം ചെയ്യുന്നതിനുള്ള അച്ചടക്ക നടപടി സ്വീകരിച്ച വരവെയാണ് പ്രസ്തുത കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മാനേജർ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയാണുണ്ടായത്. |
| (സി) | സസ്പെൻഷന് ആധാരമായ ക്രിമിനൽ കേസിൽ വിചാരണ കോടതി കുറ്റവിമുക്തനാക്കിയാലും ആർ.ഡി.ഡി. റിപ്പോർട്ടിൽ അദ്ധ്യാപകൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്ന കാരണത്താൽ സ്കൂൾ മാനേജർ ടിയാനെ സർവ്വീസിൽ നിന്ന് പിരിച്ച് വിട്ട് നൽകിയ നോട്ടീസിന്റെ പകർപ്പ് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (സി) | (സി) അച്ചടക്ക നടപടി തീർപ്പാക്കിയതിന്റെ നടപടി ക്രമത്തിന്റെ പകർപ്പാണ് വകുപ്പിൽ ലഭിച്ചിട്ടുള്ളത്. |
| (ഡി) | ആർ.ഡി.ഡി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകന്റെ ഹിയറിംഗ് നടത്തിയിരുന്നോയെന്നും നടത്തിയിരുന്നെങ്കിൽ എന്നായിരുന്നുവെന്നും പ്രസ്തുത സമയത്ത് അദ്ധ്യാപകനെതിരെ കോടതി നടപടികളുണ്ടായിരുന്നോയെന്നും ആർ.ഡി.ഡി അന്വേഷണത്തിന്റെ അടിസ്ഥാനത്തിലുള്ള | (ഡി) | (ഡി) 04/03/2020 തീയതിയിൽ ആർ.ഡി.ഡി സ്കൂളിൽ നേരിട്ട് സന്ദർശനം നടത്തുകയും തെളിവെടുപ്പ് അറ്റൻഡൻസ് പ്രകാരം ശ്രീ.ഹഫ്സൽ റഹ്മാൻ ഉൾപ്പെടെ 20 പേരെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | റിപ്പോർട്ട് അദ്ധ്യാപകന് കൈമാറിയിരുന്നോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വിശദമാക്കുമോ; | | പ്രസ്തുത സമയത്ത് അദ്ധ്യാപകനെതിരെ കോടതി നടപടികൾ ഉണ്ടായിരുന്നു.<br>ആർ.ഡി.ഡി അന്വേഷണത്തിന്റെ റിപ്പോർട്ട് അദ്ധ്യാപകന് കൈമാറിയിരുന്നില്ല.<br>KER Chapter 14 A ചട്ടം 75(10) പ്രകാരം അന്വേഷണധികാരിയായ ആർ.ഡി.ഡി മാനേജർക്ക് അന്വേഷണ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. |
| (ഇ) | അദ്ധ്യാപകനെതിരെ അച്ചടക്ക നടപടിയെടുക്കാൻ ആർ.ഡി.ഡി. സ്കൂൾ മാനേജരോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; | (ഇ) | (ഇ) വിദ്യാർത്ഥികളോട് മോശം പെരുമാറ്റം നടത്തിയതായി തെളിവെടുപ്പിൽ ബോധ്യപ്പെട്ടതിനാൽ അച്ചടക്ക നടപടിക്ക് ആർ.ഡി.ഡി ശുപാർശ ചെയ്തിരുന്നു. |
| (എഫ്) | സസ്പെൻഷൻ കാലയളവിലുള്ള ഉപജീവന ബത്ത ഈ അദ്ധ്യാപകന് പൂർണ്ണമായും നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ; | (എഫ്) | (എഫ്) ടിയാൻ സസ്പെൻഷനിൽ ആയ കാലയളവ് മുതൽ 2020 ഏപ്രിൽ വരെ ഉപജീവനബത്ത നൽകിയിരുന്നു. മെയ് മാസത്തെ ശമ്പളത്തിൽ സസ്പെൻഷൻ ദീർഘിപ്പിച്ചിട്ടില്ല എന്ന കാരണത്താൽ ട്രഷറി റിജക്ട് ചെയ്തു. 2020 ന് ശേഷം നോൺ-എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ടിയാൻ നല്കിയിട്ടില്ല എന്ന് പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്. |
| (ജി) | അദ്ധ്യാപകൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 2074/2024 കേസിലെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി 16.4.2024 -ന് നടത്തിയ ഹിയറിംഗിന്റെ സ്ഥിതി എന്താണെന്നും കോടതി ഉത്തരവ് നടപ്പിലാക്കിയോ എന്നും ഇല്ലെങ്കിൽ എന്താണ് കാരണമെന്നും വിശദമാക്കുമോ? | (ജി) | (ജി) ഈ വിഷയത്തിൽ നിയമോപദേശം, വകുപ്പ് മേധാവിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കി പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ